ഉത്തരം

റോഡുപണികൾ ഉൾപ്പെടെ എൻ. ആർ. ഇ. പി. യിൽ ഏറെറടുത്തതും പണി പൂർത്തിയാകാതെ കിടക്കുന്നതുമായ എല്ലാ പ്രവർത്തികളും പൂർത്തിയാകാനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വിവിധ കാരണങ്ങളാൽ പണി തുടർന്നു നടത്തുവാൻ കഴിയാത്ത പ്രവർത്തികൾ ഉപയോഗയോഗ്യമായ നിലകളിൽ സൗകര്യപ്രദമായ ഘട്ടങ്ങളിൽ ക്ലോസ്ചെയ്യുവാനാണ് നിർദ്ദേശം. മറ്റു പ്രവർത്തികൾ 1985-86 സാമ്പത്തികവർഷം പൂർത്തിയാക്കുന്നതിനാവശ്യമായ തുക പ്രത്യേകം നീക്കിവച്ചിട്ടുണ്ട്.

എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. ഇനങ്ങളിൽ ചെലവഴിച്ച തുക

306 [481] ശ്രീ. എ. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-ൽ എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. ഇനങ്ങളിൽ എത്ര രൂപ ചെലവഴിച്ചു ;

(ബി) ഇതിന്റെ ബ്ലോക്കു തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1985-86-ൽ എൻ. ആർ. ഇ. പി. പദ്ധതി പ്രകാരം 1-3-1986 വരെ 1252.30 ലക്ഷം രൂപയും ആർ. എൽ. ഇ. ജി. പി. പദ്ധതി പ്രകാരം 1048 98 ലക്ഷം രൂ.യും ചെലവഴിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

ഐ. ആർ. ഡി. പി., എൻ ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നീ പദ്ധതികൾ

307 [482] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഐ. ആർ. ഡി. പി., എൻ ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നീ പദ്ധതികളനുസരിച്ച് 1983-84, 1984-85, 1985-86 എന്നീ സാമ്പത്തിക വർഷങ്ങളിൽ കിളിമാനൂർ നിയോജകമണ്ഡലത്തിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും അതിലേക്കുവേണ്ടി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നീ പദ്ധതികളനുസരിച്ച് 1983-84, 1984-85, 1985-86 എന്നീ സാമ്പത്തിക വർഷങ്ങളിൽ കിളിമാനൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികളും. അതിലേക്കുവേണ്ടി ചെലവഴിച്ച തുകയും താഴെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly